കരമന ആറിലെ കുണ്ടമൺകടവ് പാലം

401 [436] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം—കാട്ടാക്കട റോഡിൽ കരമന ആറിലെ കുണ്ടമൺകടവ് പാലം വളരെ പഴക്കം ചെന്നതും വീതി കുറഞ്ഞതുമായതിനാൽ ഇതിന്റെ വീതികൂട്ടി പുതിയ പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കുണ്ടമൺ കടവ് പാലം പുതുക്കി പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെന്റ് പ്രൊപ്പോസലുകൾ അംഗീകരിച്ചുകഴിഞ്ഞു. ഡിസൈൻ തയ്യാറാക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. ഡിസൈൻ, എസ്റ്റിമേറ്റ് ഇവ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുത്തശേഷം മാത്രമേ ഈ പാലത്തിന്റെ പണി ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

ഇരവിനല്ലൂർ പാലം

402 [437] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണർക്കാട്—തെങ്ങണാ റോഡിലുള്ള ഇരവിനല്ലൂർ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇരവിനല്ലൂർ പാലത്തിന്റെ പണിക്ക് നാലുപ്രാവശ്യം ടെണ്ടറുകൾ ക്ഷണിച്ചെങ്കിലും അനുകൂലമായ ടെണ്ടറുകൾ ഒന്നും ലഭിച്ചില്ല. തുടർന്ന് കോട്ടേഷൻ ക്ഷണിച്ചപ്പോഴും കരാറുകാരാരും തന്നെ പണി ഏറ്റെടുക്കാൻ തയ്യാറായില്ല. ഡിസൈനിൽ ആവശ്യപ്പെട്ടിരുന്ന ചില കാര്യങ്ങൾ നടത്തുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ടു നിമിത്തമാണ് കരാറുകാർ മുൻപോട്ട് വരാത്തതെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിനെതുടർന്ന് ഡിസൈനിൽ അതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

കടപുഴ പാലത്തിന്റെ പണി

403 [438] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകല്ലടയേയും പടിഞ്ഞാറേ കല്ലടയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കടപുഴ പാലത്തിന്റെ പണികൾ വർഷങ്ങളായി സ്തംഭനാവസ്ഥയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പണികൾ പുനരാരംഭിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly